"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- ജീവനക്കാര്യം- തൃപ്പൂണിത്തുറ നഗരസഭയിൽ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. ജിതിൻ.പി.റ്റി -യുടെ നിരീക്ഷണ കാലയളവ് ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1980/2025/LSGD തീയതി,തിരുവനന്തപുരം, 09-08-2025

---

പരാമർശം:- 1. എറണാകുളം തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറുടെ 10.02.2025 തിയതിയിലെ LSGD/JD/EKM/1194/2025-B2 നമ്പർ ഉത്തരവ്.

2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 26.07.2025 തിയതിയിലെ LSGD/PD/13606/2025-DEC3 നമ്പർ കത്ത്.

**ഉത്തരവ്**

മുനിസിപ്പൽ കോമൺ സർവ്വീസിൽ 08.06.2017 തീയതിയിൽ ക്ളാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീ. ജിതിൻ.പി.റ്റി, പ്രസ്തുത തസ്തികയിൽ നിരീക്ഷണകാലം വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിയ്ക്കുന്നതിനാവശ്യമായ എം.ഒ.പി. ടെസ്റ്റ് 22.11.2022 തീയതിയിൽ പാസ്സായിട്ടുള്ളതാണ് എന്നതിനാൽ പരീക്ഷ പാസ്സായ തീയതിക്ക് അനുസൃതമായി ടിയാളുടെ നിരീക്ഷണ കാലയളവ് കെ.എസ്.& എസ്.എസ്.ആർ ജനറൽ റൂൾ 21 പ്രകാരം ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം 2 പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

2. 08.06.2017ൽ ക്ലാർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ. ജിതിൻ.പി.റ്റി, പ്രസ്തുത തസ്തികയിൽ 2 വർഷ ഡ്യൂട്ടി പൂർത്തിയായതിന്റെ തൊട്ടടുത്തദിവസം മുതൽ ഒരു വർഷത്തേക്ക് (08.06.2019 മുതൽ 07.06.2020വരെ) ടിയാളുടെ നിരീക്ഷണകാലം, പരാമർശം 1 പ്രകാരം ദീർഘിപ്പിച്ച് ഉത്തരവായിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുനിസിപ്പൽ കോമൺ സർവ്വീസിൽ 08.06.2017 ൽ ക്ലാർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ. ജിതിൻ.പി.റ്റി, 22.11.2022 ൽ നടന്ന പരീക്ഷയിലാണ് പ്രസ്തുത തസ്തികയിൽ നിരീക്ഷണകാലം വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിനാവശ്യമായ എം.ഒ.പി.പരീക്ഷ പാസ്സായത് എന്നതിനാൽ ടിയാളുടെ നിരീക്ഷണകാലം 23.11.2022 പൂർവ്വാഹ്നത്തിൽ വിജയകരമായി പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിക്കാൻ സാധിക്കത്തക്ക രീതിയിൽ, നിയമനാധികാരി നിരീക്ഷണകാലം ദീർഘിപ്പിച്ച് നൽകിയ തീയതിയുടെ തൊട്ടടുത്ത ദിവസമായ 08.06.2020 മുതൽ 24.11.2022 വരെ, KS&SSRs, Part II ചട്ടം 21 പ്രകാരം നിരീക്ഷണകാലം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ശ്രീ. ജിതിൻ.പി.റ്റി, ക്ലർക്ക്, തൃപ്പൂണിത്തുറ നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
സെക്രട്ടറി, തൃപ്പൂണിത്തുറ നഗരസഭ ( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 12-08-2025 13:27:44
സെക്ഷൻ ഓഫീസർ